**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **28-01-2026 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | **ശ്രീ. കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ-പ്രസരണ മേഖലയിലും, മറ്റ് മേഖലകളിലും നടപ്പാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം, ചെലവഴിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

(എ) **കെ.എസ്.ഇ.ബി.എൽ.**

ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

| Sl.No. | പദ്ധതി | അനുവദിച്ച തുക (ലക്ഷം) |
|---|---|---|
| 1 | നെമ്മാറ – കണ്ണമ്പുള്ളി **110** കെ. വി. **(7.3** കി.മീ.**)** ലൈനിന്റെ നിർമ്മാണം | **445** |
| 2 | **66** കെ. വി. കണ്ണമ്പുള്ളി സബ്സ്റ്റേഷൻ **110** കെ.വി. ആയി ഉയർത്തി | **584** |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ ആലത്തൂർ, കുനിശ്ശേരി, കിഴക്കഞ്ചേരി, മുടപ്പല്ലൂർ, കുഴൽമന്ദം എന്നീ 5 ഇലക്ട്രിക് സെക്ഷനുകളിലായി വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം–1** ആയി ചേർക്കുന്നു.

ആലത്തൂർ നിയോജക മണ്ഡലത്തിൽ സൗര ഫേസ് **1** പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സെക്ഷൻ | പദ്ധതികളുടെ എണ്ണം | സ്ഥാപിത ശേഷി | മൊത്തം തുക |
|---|---|---|---|
| ആലത്തൂർ | 5 | 46 | |
| കിഴക്കഞ്ചേരി | 2 | 6 | |
| കുനിശ്ശേരി | 2 | 9 | |
| മുടപ്പല്ലൂർ | 2 | 7 | |
| **ആകെ** | **11** | **68** | **30,00,000/-** |

കൂടാതെ ടി നിയോജക മണ്ഡലത്തിൽ ഒരു ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും, ആറ് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളും ചെലവഴിച്ച തുകയും **അനുബന്ധം-2** ആയി ചേർത്തിട്ടുണ്ട്.

**അനെർട്ട്**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ അനെർട്ട് മുഖേന ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം, ചെലവഴിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ ചുവടെ ചേർക്കുന്നു:

1. ആലത്തൂർ VFPCK- യിൽ 15 kWp ഓൺ-ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു. (ചെലവായ തുക = 9,95,500/- രൂപ)
2. ആലത്തൂർ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിൽ 20kWp ഓൺ-ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. (ചെലവായ തുക = 11,00,000/- രൂപ)
3. ആലത്തൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ 10 kW ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. (ചെലവായ തുക–8,11,525/-രൂപ)
4. വടക്കാഞ്ചേരി സി.എച്ച്.സി.-യിൽ 7 kW സോളാർ പവർ പ്ലാന്റിന്റെ നിർമാണ പ്രവൃത്തികൾ നടന്നുവരുന്നു. (ചെലവായ തുക = 6,23,110/- രൂപ)
5. ആലത്തൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ 20kw ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. (ചെലവായ തുക = 15,94,725/- രൂപ )

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി **(PM KUSUM).** കൃഷിഭവൻ മുഖേന സൗജന്യകാർഷിക വൈദ്യുതി കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ **30%** കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. MNRE നിന്നും അനുമതി ലഭിച്ച 9348 പമ്പുകളാണ് സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ കീഴിൽ കർഷകർക്ക് PMKUSUM പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പുകളുടെ സൗരോർജ്ജവൽക്കരണം നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിന്റെ കീഴിൽ കുഴൽമന്ദം, ആലത്തൂർ, എരിമയൂർ, തേങ്കുറിശ്ശി, മേലാർകോട്, പെരിങ്ങോട്ടുകുറിശ്ശി, കാവശേരി, തരൂർ, പുതുക്കോട് കൃഷി ഭവനുകളിൽ 217 പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ 6.5 കോടി രൂപക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 157 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും, 149 എണ്ണം ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആലത്തൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2.19 കോടി രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്.

**എനർജി മാനേജ്മെന്റ് സെന്റർ**

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി പാലക്കാട് ജില്ലയിൽ തെരഞ്ഞെടുത്ത കിഴക്കഞ്ചേരി പഞ്ചായത്തിലെ 43 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ **(ഇ.എം.സി.)** അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ

| | | | |
|---|---|---|---|
| | | | എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 43 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 4,03,899/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

| സെക്ഷൻ | | ദ്യുതി പദ്ധതി | | | RDSS പദ്ധതി | | | PPS പദ്ധതി | | | MLA ഫണ്ട് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | മൊത്തം തുക (ലക്ഷം) | ചിലവഴിച്ച തുക (ലക്ഷം) | പ്രവർത്തന പുരോഗതി | മൊത്തം തുക (ലക്ഷം) | ചിലവഴിച്ച തുക (ലക്ഷം) | പ്രവർത്തന പുരോഗതി | മൊത്തം തുക (ലക്ഷം) | ചിലവഴിച്ച തുക (ലക്ഷം) | പ്രവർത്തന പുരോഗതി | മൊത്തം തുക (ലക്ഷം) | ചിലവഴിച്ച തുക (ലക്ഷം) | പ്രവർത്തന പുരോഗതി |
| ആലത്തൂർ | 2021-22 | 162.69 | 162.69 | 100% | - | - | - | 0 | 0 | - | - | - | - |
| | 2022-23 | 64.34 | 64.34 | 100% | - | - | - | 7.4 | 7.4 | 100 % | 16.52 | 16.52 | 100% |
| | 2023-24 | 52.32 | 52.32 | 100% | - | - | - | 11.96 | 11.96 | 100 % | - | - | - |
| | 2024-25 | 172.63 | 105.34 | 61.02% | 145 | 145 | 100 % | 0 | 0 | - | - | - | - |
| | 2025-26 | 207.23 | 7.51 | 3.63% | 633.66 | 0 | - | 0 | 0 | 0 | - | - | - |
| കുനിശ്ശേരി | 2021-22 | 61.27 | 61.27 | 100% | - | - | - | 0 | 0 | 0 | - | - | - |
| | 2022-23 | 63.02 | 63.02 | 100% | - | - | - | 15.35 | 15.35 | 100 % | - | - | - |
| | 2023-24 | 43.67 | 43.67 | 100% | - | - | - | 1.95 | 1.95 | 100 % | 14 | 14 | 100% |
| | 2024-25 | 165.38 | 64.39 | 38.94 % | - | - | - | 8.51 | 8.51 | 100 % | - | - | - |
| | 2025-26 | 246.58 | 12.47 | 5.06% | 272.32 | 0 | - | 24.44 | 18.48 | 75.61% | - | - | - |
| കിഴക്കഞ്ചേരി | 2021-22 | 216.95 | 216.95 | 100% | - | - | - | 9.59 | 9.59 | 100 % | - | - | - |
| | 2022-23 | 46.51 | 46.51 | 100% | - | - | - | 9.93 | 9.93 | 100 % | - | - | - |
| | 2023-24 | 84.89 | 84.89 | 100% | - | - | - | 0 | 0 | - | - | - | - |
| | 2024-25 | 135.73 | 55.93 | 41.2% | - | - | - | 0 | 0 | - | - | - | - |
| | 2025-26 | 257.12 | 10.41 | 4.07% | 425.72 | 0 | - | 15.37 | 15.37 | 100 % | - | - | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| മുടപ്പല്ലൂർ | 2021-22 | 125.64 | 125.64 | 100% | - | - | - | 0 | 0 | - | - | - | - |
| | 2022-23 | 78.1 | 78.1 | 100% | - | - | - | 20.81 | 20.81 | 100% | - | - | - |
| | 2023-24 | 75.52 | 75.52 | 100% | - | - | - | 14.76 | 14.76 | 100% | - | - | - |
| | 2024-25 | 131.43 | 131.43 | 100% | - | - | - | 5.26 | 5.26 | 100% | - | - | - |
| | 2025-26 | 263.3 | 16.2 | 6.15% | 399.93 | 148.4 | 37.69% | 7 | 7 | 100% | - | - | - |
| കുഴൽമന്ദം | 2021-22 | 72.94 | 72.94 | 100% | - | - | - | 5.44 | 5.44 | 100% | - | - | - |
| | 2022-23 | 46.99 | 46.99 | 100% | - | - | - | 1.97 | 1.97 | 100% | - | - | - |
| | 2023-24 | 61.72 | 61.72 | 100% | - | - | - | 0 | 0 | - | - | - | - |
| | 2024-25 | 124.15 | 85.59 | 68.94% | - | - | - | 0 | 0 | - | - | - | - |
| | 2025-26 | 228.29 | 14.67 | 6.42% | 124.72 | 16.44 | 13.2% | 1.89 | 0 | - | - | - | - |

| | | | |
|---|---|---|---|
| ***List of Pole mounted Charging Stations in Alathur Constituency*** | | | |
| **SL No.** | **Location Name** | **Section** | **Amount (in Lakhs)** |
| 1 | Swathy Jn. | Alathur | 1.67 |
| 2 | Near Malabar Hotel | Alathur | |
| 3 | Municipal Kodathy | Alathur | |
| 4 | Noolidampala- Chithali | Kuzhalmannam | |
| 5 | Kazhcha Paramb Jn | Kuzhalmannam | |
| 6 | Near KSEB office | Alathur | |
| ***DC Fast Charging Station in Alathur Constituency*** | | | |
| 1 | Nenmara Substation | Nenmara | **21.23** |
| | | | |